## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954** **12-06-2024 - ൽ മറുപടിയ്ക്ക്**

### മനുഷ്യജീവന് ഭീഷണിയായി നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൊതുസ്ഥലങ്ങളിൽ മനുഷ്യജീവന് ഭീഷണിയായി നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകാത്തതിനെ തുടർന്ന് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഉദ്യോഗസ്ഥരെ ഉത്തരവാദികളാക്കുന്ന വിഷയത്തിൽ നിലപാട് എന്താണ്; ഇത്തരത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടത് ഏതു വകുപ്പാണ്; നീരൊഴുക്ക് തടസ്സപ്പെടുത്തി ഓടകളിലും, കാനകളിലും, പാർശ്വഭിത്തികളിലും വളരുന്ന പാഴ്മരങ്ങൾ നശിപ്പിക്കുന്നതിന് വനം വകുപ്പ് നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുസ്ഥലങ്ങളിൽ മനുഷ്യജീവന് ഭീഷണിയായി നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ ലഭിക്കുമ്പോൾ 10.02.2010 തീയതിയിലെ സ.ഉ(സാധാ)നം.68/2010/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ട്രീ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മരം മുറിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ടീ കമ്മിറ്റി അംഗങ്ങളുടെ പരിശോധനാവേളയിൽ മരം അപകടാവസ്ഥയിൽ അല്ല എന്ന് ബോദ്ധ്യപ്പെട്ടാൽ ടി മരത്തിന്റെ അപകടകരമായ ശിഖരങ്ങൾ മുറിച്ച് മാറ്റി മരം സംരക്ഷിക്കുന്നതിന് നിർദ്ദേശം നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ നടപടി സ്വീകരിച്ചതിന് ശേഷവും അപകടം ഉണ്ടാകുന്ന പക്ഷം ഉദ്യോഗസ്ഥരെ ഉത്തരവാദികളാക്കാൻ കഴിയില്ല. നീരൊഴുക്ക് തടസ്സപ്പെടുത്തി ഓടകളിലും, കാനകളിലും, പാർശ്വ ഭിത്തികളിലും വളരുന്ന പാഴ് മരങ്ങൾ മുറിയ്ക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ട്രീ കമ്മിറ്റിയുടെ ശിപാർശയ്ക്ക് വിധേയമായി മുറിയ്ക്കുന്നതിന് അനുമതി നൽകുന്നുണ്ട്. അപകട ഭീഷണിയുള്ള മരങ്ങൾ അടിയന്തരമായി മുറിച്ച് മാറ്റേണ്ട സാഹചര്യത്തിൽ ആയതിന് അനുമതി നൽകുന്നതിന് പഞ്ചായത്തിലെ ട്രീ കമ്മിറ്റികളെ അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ഉള്ളൂർ - കേശവദാസപുരം റോഡിൽ ഉള്ളൂർ ജംഗ്ഷനിൽ ഓട നിറഞ്ഞ് 3 ആൽമരങ്ങൾ നിൽക്കുന്നതു കാരണം ഉണ്ടായിക്കൊണ്ടിരിക്കുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഓടയ്ക്കകത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പി.ഡബ്ല്യു.ഡി-എൻ.എച്ച്. ഡിവിഷൻ നൽകിയ അപേക്ഷ നിരസിച്ചതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ഉള്ളൂർ-കേശവദാസപുരം റോഡിൽ കേശവദാസപുരം ഭാഗത്തേയ്ക്കുള്ള ബസ് സ്റ്റോപ്പിന് സമീപം നിൽക്കുന്ന 2 അരശ്ശ് മരങ്ങളുടെ സമീപത്തെ ഓട ട്രീ കമ്മിറ്റിയുടെ പരിശോധനാ സമയത്ത് ജെ.സി.ബി ഉപയോഗിച്ച് വൃത്തിയാക്കിയിരിക്കുന്നതായും, ടി മരങ്ങൾ അപകടാവസ്ഥയിൽ അല്ല എന്ന് ബോദ്ധ്യപ്പെട്ടതിനാൽ റോഡിലേയ്ക്ക് ചാഞ്ഞ് നിൽക്കുന്ന ശിഖരങ്ങൾ മാത്രം കോതി മരങ്ങളെ സംരക്ഷിക്കേണ്ടതാണ് എന്ന് ട്രീ കമ്മിറ്റി ശിപാർശ |

| | | | |
|---|---|---|---|
| | | | ചെയ്തതിന്റെയും അടിസ്ഥാനത്തിലാണ് പി.ഡബ്ല്യൂ.ഡി-എൻ.എച്ച്. ഡിവിഷൻ നൽകിയ അപേക്ഷ നിരസിക്കുകയുണ്ടായത്. |
| (സി) | റോഡരികിൽ വനം വകുപ്പ് പരിപാലിച്ച് വരുന്ന പാഴ്മരങ്ങൾ കാലവർഷ അപകട ഭീഷണി മുൻ നിർത്തി വെട്ടിയൊതുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | റോഡരികിൽ നിൽക്കുന്ന പാഴ്മരങ്ങൾ വെട്ടിയൊതുക്കുന്നതും, പരിപാലിക്കുന്നതും ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. അപകട ഭീഷണി ഉയർത്തുന്ന മരങ്ങളാണെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മുറിയ്ക്കുന്നതിനുള്ള അനുമതി നൽകി വരുന്നു. കൂടാതെ അപകട ഭീഷണി ഉയർത്തുന്ന മരങ്ങൾ ദുരന്തനിവാരണ നിയമപ്രകാരവും പ്രാദേശിക ട്രീ കമ്മിറ്റിയുടെ അനുമതിയോടെയും ബന്ധപ്പെട്ട വകുപ്പുകൾ മുറിച്ചുനീക്കുന്നുണ്ട്. |
| (ഡി) | പൊതു സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള ജൈവ ഘടനയ്ക്ക് ഭീഷണിയായിട്ടുള്ള വൃക്ഷങ്ങൾക്ക് പകരം ഫലവൃക്ഷങ്ങളും തേക്ക് പോലുള്ള തടി വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സാമൂഹ്യ വനവത്കരണ പദ്ധതികൾ പ്രകാരം യൂക്കാലിപ്റ്റ്സ്, അക്കേഷ്യ എന്നിങ്ങനെയുള്ള വൈദേശിക വൃക്ഷങ്ങൾ പൊതുസ്ഥലങ്ങളിൽ നിലവിൽ നട്ടുപിടിപ്പിക്കുന്നില്ല. നഗരവനം, പാതയോരങ്ങളിലെ വൃക്ഷവത്കരണം എന്നീ പദ്ധതികളിലൂടെ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ